


**മെഹദ് മഖ്ബൂൽ**

mehdmaqbool@gmail.com

**നാട്ടിൽ സുന്ദരമായി ജീവിക്കാൻ മാത്രം ആസ്തിയുണ്ട് മരയ്ക്കാറിന്. എന്നിട്ടും എന്തുകൊണ്ട് പ്രവാസിയായി ഈ മരുഭൂമിയിൽ വന്നെന്ന് പറയുന്നു മരയ്ക്കാർ. "എത്ര വലുതാണീ ലോകം.കോട്ടക്കലെ ഇറച്ചിക്കടയിൽ കോട്ടക്കലുകാരെ മാത്രമല്ലേ കാണാൻ പറ്റൂ. ഇവിടെ എല്ലാ ദേശക്കാരേം കാണാൻ പറ്റും. അവരുടെ കൂടെ ചിരിക്കാൻ പറ്റും."**

# കോട്ടക്കലിനേക്കാൾ എത്ര വലുപ്പമാണീ ലോകം



ഖലീൽ ജിബ്രാൻ



ഉറൂബ്



വി.കെ.എൻ



ബാബു ഭരദ്വാജ്

നമ്മുടെ ഓരോ യാത്രയും നമ്മിൽ നിന്ന് മറ്റു ജീവിതങ്ങളിലേക്കും കാലാവസ്ഥകളിലേക്കുമുള്ള യാത്ര കൂടിയാണ്. എത്ര ദൂരം സഞ്ചരിച്ചു എന്നതല്ല, വീട്ടിൽ നിന്നിറങ്ങിയോ എന്നതിലാണ് കാര്യമെന്നും യാത്രക്കാരനെന്ന നിലയിൽ ഓരോ ദിവസവും ഞാൻ കണ്ടെത്തുന്നത് എന്നിലെതന്നെ പുതിയ ദേശങ്ങളെയാണെന്നും ഖലീൽ ജിബ്രാൻ എഴുതിയിട്ടുണ്ട്.

'ചുഴിക്ക് പിമ്പേ ചുഴി' എന്ന നോവലിൽ ഒരു യാത്രയും ചീത്തയല്ലെന്നുണർത്തുന്നു ഉറൂബ്. "ഓരോ യാത്രയും പുതിയ പുഷ്പങ്ങളിലേക്കും പുതിയ നീരുറവകളിലേക്കും പുതിയ ശബ്ദങ്ങളിലേക്കുമുള്ള യാത്രയാണ്. നമ്മുടെ ഹൃദയം തീരെ വരണ്ടുപോയിട്ടില്ലെന്ന ബോധമെങ്കിലും അത് ജനിപ്പിക്കുന്നു."

ബാബു ഭരദ്വാജ് ഓർമക്കുറിപ്പുകളിലൊരിടത്ത് പ്രവാസിയായ ഇറച്ചിവെട്ടുകാരൻ മരയ്ക്കാറിനെക്കുറിച്ച് പറയുന്നുണ്ട്. നാട്ടിൽ സുന്ദരമായി ജീവിക്കാൻ മാത്രം ആസ്തിയുണ്ട് മരയ്ക്കാറിന്. എന്നിട്ടും എന്തുകൊണ്ട് പ്രവാസിയായി ഈ മരുഭൂമിയിൽ വന്നെന്ന് പറയുന്നു മരയ്ക്കാർ. "എത്ര വലുതാണീ ലോകം. അതിലെവിടെയൊക്കെയെങ്കിലും പറന്നെത്താതെ എന്ത് ജീവിതം. അതിലൊരു രസോക്കെ ഇല്ലേ? കോട്ടക്കലെ ഇറച്ചിക്കടയിൽ കോട്ടക്കലുകാരെ മാത്രമല്ലേ കാണാൻ പറ്റൂ. ഇവിടെ എല്ലാ ദേശക്കാരേം കാണാൻ പറ്റും. അവരുടെ കൂടെ ചിരിക്കാൻ പറ്റും."

പ്രവാസത്തിന്റെ പുതിയൊരു ദർശന പാഠമായി മരയ്ക്കാർ നമ്മിൽ നിറയുന്നു.

സീറ്റിൽ ഇരുന്ന് കഴിഞ്ഞാൽ ഉറങ്ങണമെന്ന് വാശിപിടിക്കുന്നവരെ സഞ്ചാരികളുടെ ഗണത്തിൽ പെടുത്താൻ പറ്റില്ലെന്നാണ് ബാബു ഭരദ്വാജിന്റെ പക്ഷം. 'അവർ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് കയറിപ്പോകുന്ന ചരക്കുകൾ മാത്രമല്ലേ..'

നാനോ കാലമെന്നോ ന്യൂജനറേഷൻ കാലമെന്നോ ഈ കാലത്തെ പറയാറുണ്ട്. സർവതും സെക്കന്റുകൾക്കകം അപ്ഡേറ്റ് ആകുന്ന കാലം. ഒരു നിമിഷം മാത്രം കണ്ണടച്ച് നിന്നാൽ മതി നമ്മളെത്രയോ കിലോമീറ്ററുകൾ പിന്നിലായിപ്പോകും. എഴുത്ത് ശൈലികൾക്കും വളരെ വേഗം രൂപമാറ്റം വരുന്ന ഇക്കാലത്ത് ജീവിച്ചിരുന്നാലും ഓൺലൈൻ ലൈക്കുകൾ വേണ്ടുവോളം കിട്ടുമായിരുന്ന എഴുത്തുകാരനാണ് വി.കെ.എൻ എന്ന് തോന്നാറുണ്ട്. അദ്ദേഹത്തിന്റെ പയ്യൻകഥകളിലൊക്കെ കാണുന്നത് അമർഷത്തിന്റെ ഹാസ്യമാണ്. വി.കെ.എന്നിന്റെ 'സമരം' എന്ന കഥയിങ്ങനെ:

'അവൻ പോലീസിൽ ചേർന്നു. ട്രെയിനിംഗ് കോളേജുകളിൽ പോയി. ഒരു ക്ഷേമ രാഷ്ട്രത്തിലെ പൗരന്മാരോട് പെരുമാറേണ്ട വിധങ്ങൾ ബഹുധാ അഭ്യസിച്ചു. അവസാനം പ്രിൻസിപ്പൽ പറഞ്ഞതും കേട്ടു: 'ഇനി ഇവിടെ പഠിച്ചതെല്ലാം മറന്ന് ജനത്തെ ചത്തും കൊന്നും അടക്കിക്കൊൾക. അവറ്റയ്ക്ക് വേറൊരു ഭാഷയും മനസ്സിലാവില്ല."

■

Vol. No: 70 Issue No. 39 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla